**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1590 — 12.06.2019 ലെ മറുപടിക്ക്

**<u>അഗ്നി സുരക്ഷാ സംവിധാനങ്ങൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) അഗ്നി സുരക്ഷാ സംവിധാനങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾ ക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കേരള മുനിസിപ്പൽ നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം അഗ്നി സുരക്ഷാ സംവിധാനങ്ങൾ ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട അഗ്നി സുരക്ഷാ വകുപ്പിൽ നിന്ന് നിരാക്ഷേപപത്രം ഹാജരാക്കിയതിന് ശേഷം മാത്രമാണ് കെട്ടിട നിർമ്മാണ അനുമതിയും ഉപയോഗ ക്ഷമതാ സാക്ഷ്യപത്രവും നൽകുന്നത്. |
| (ബി) കെട്ടിട ഉടമകൾ അഗ്നി സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചശേഷം തുടർന്ന് പരിപാലിക്കാത്തവ കണ്ടെത്തുന്നതിന് പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ; | (ബി) അഗ്നി സുരക്ഷാ സംവിധാനങ്ങൾ പരിപാലിക്കാത്തത് സംബന്ധിച്ച പരിശോധനകൾ നിലവിൽ നടത്തി വരുന്നത് അഗ്നി സുരക്ഷാ വകുപ്പാണ്. |
| (സി) കെട്ടിടങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ? | (സി) 300m$^2$-നും 1000m$^2$-നും ഇടയിൽ പ്ലിന്ത് ഏരിയ ഉള്ള കെട്ടിടങ്ങൾക്ക് Architecture self attest ചെയ്ത സാക്ഷ്യപത്രം, ഫയർ പ്ലാൻ എന്നിവ പെർമിറ്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് ഓവർസിയർ സ്ഥലപരിശോധന നടത്തുമ്പോൾ 1983-ലെ National Fire Code IV-3-ാം ഭേദഗതി പ്രകാരമുള്ള സജ്ജീകരണങ്ങൾ പ്രസ്തുത കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരിക്കണം. 1000m$^2$-ന് മീതെയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ് ഫയർ ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും ഇനീഷ്യൽ ഫയർ എൻ.ഒ.സി.-യും ഒക്കുപ്പൻസി അനുവദിക്കുന്നതിന് മുമ്പ് Final Fire NOC-യും ലഭിക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**